**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203** **24-06-2024 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംരംഭങ്ങളുടെ വിറ്റുവരവ് ഉയർത്തുന്നതിനും വ്യവസായ മേഖലയെ സംരംഭക സൗഹൃദമാക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന മിഷൻ 1000 പദ്ധതിയിലൂടെ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (എ) | എ കേരളത്തിലെ MSME കളിൽ നിന്നു തിരഞ്ഞെടുത്ത 1000 MSME-കളെ നാല വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോട വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, 'മിഷൻ 1000' വിഭാവന ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ എം.എസ്.എം.ഇ-കളെ സ്കെയിൽ അപ സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>എം.എസ്.എം.ഇ.കളുടെ സ്കെയിലിംഗ് അപ്പ് സഹായ പദ്ധതിക്കുള്ള ഭരണാനുമതിയും, സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്, അവ താഴെ പറയുന്നു.<br><br>1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ)<br><br>2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (പരമാവധി 50 ലക്ഷം രൂപ വരെ)<br><br>3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ)<br><br>4. സാങ്കേതിക നവീകരണത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക സഹായം<br><br>5. തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധപ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായവകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ പാലിച്ചുകൊണ്ട്, അപേക്ഷിക്കുന്ന ആദ്യത്തെ 1000 MSME കളെയാണ് മിഷൻ 1000 പദ്ധിതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത്.<br><br>സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ ചുവടെ ചേർക്കുന്നു<br><br>1. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം<br><br>2. 31/03/2024 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം<br><br>3. നിർമാണമേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്, തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി താഴെ പറയുന്ന ഏജൻസികളെ സംസ്ഥാന തലത്തിൽ empanel ചെയ്തിട്ടുണ്ട്.<br><br>1 Entrepreneurship Development Institute of India, Thrissur<br>2 Centre for Management Development, Thiruvananthapuram<br>3 Rangamani Associates Chartered Accountants, Kottayam<br><br>കൂടാതെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൂടുതൽ ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് ജില്ലാ തലത്തിൽ താത്പര്യപത്രം ക്ഷണിച്ചുകൊണ്ട് എംപാനൽ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ